**സർവ ശിക്ഷാ അഭിയാൻ കോലഞ്ചേരി ബി.ആർ.സി. , ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി**
**സെന്റ് പീറ്റേഴ്സ് ബി.എഡ് കോളേജ് കോലഞ്ചേരി**

# എൽ.എസ്.എസ്.പരീക്ഷ – 2017 – മാതൃക ചോദ്യപേപ്പർ

**പേര്** : ..........................................................................................................

**സ്കൂൾ** : ..........................................................................................................

**Reg.No :** [ ] **സമയം : 2 മണിക്കൂർ**

**എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടതാണ്.** **ആകെ സ്കോർ : 50**

**പ്രവർത്തനം 1** **സ്കോർ 12**

കൃഷിയിൽ തന്നെ രണ്ടുതരം കൃഷിയുണ്ട്. ഒന്ന് കുടുംബകൃഷി. മറ്റൊന്ന് തോട്ടകൃഷി. ഇതിൽ തോട്ടകൃഷിക്ക് കുറവില്ല. പക്ഷെ കുടുംബകൃഷി തകർച്ചയിലാണ്. വിഷമടിക്കാത്ത, വാടാത്ത പച്ചക്കറിയും കിഴങ്ങുകളും ചീരയും ഒക്കെ വല്ലപ്പോഴുമെങ്കിലും കഴിക്കണ്ടേ കൂട്ടുകാരെ......

കേരളത്തിലെ കാലാവസ്ഥ കൃഷിക്ക് തികച്ചും പറ്റിയതാണ്. വർഷത്തെ 27 ഞാറ്റുവേലകളായി തിരിച്ചതിൽ ഓരോന്നിലും ചെയ്യാവുന്ന കൃഷികളെപ്പറ്റി നാട്ടറിവ് നമുക്കുണ്ടായിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ താഴെ തന്നിരിക്കുന്ന പട്ടികയിൽ ഓരോ വിളകളും ഏതൊക്കെ മാസങ്ങളിൽ കൃഷിചെയ്യാം എന്ന് സൂചിപ്പിക്കുന്നു. പട്ടിക ശ്രദ്ധയോടെ വായിക്കുക.

| ക്രമ നമ്പർ | വിളകൾ | സീസൺ | | |
|---|---|---|---|---|
| | | 1 | 2 | 3 |
| 1 | നെല്ല് | ഏപ്രിൽ - മെയ് (വിരിപ്പ്) | സെപ്തംബർ - ഒക്ടോബർ (മുണ്ടകൻ) | ഡിസംബർ - ജനുവരി (പുഞ്ച) |
| 2. | ചീര | എല്ലാ കാലത്തും | എല്ലാ കാലത്തും | എല്ലാ കാലത്തും |
| 3. | വെണ്ട | ഫെബ്രുവരി - മാർച്ച് | ജൂൺ - ജൂലൈ | ഒക്ടോബർ - നവംബർ |
| 4. | പാവൽ (കൈപ്പ) | ജനുവരി - ഫെബ്രുവരി | മെയ് - ജൂൺ | സെപ്തംബർ - ഒക്ടോബർ |
| 5. | പടവലം | ജനുവരി - ഫെബ്രുവരി | സെപ്തംബർ - ഒക്ടോബർ | |
| 6. | വെള്ളരി | ജനുവരി - ഫെബ്രുവരി | സെപ്തംബർ - ഒക്ടോബർ | |
| 7. | തണ്ണിമത്തൻ | ഡിസംബർ - ജനുവരി | | |
| 8. | ചുരയ്ക്ക | ജനുവരി - ഫെബ്രുവരി | സെപ്തംബർ - ഒക്ടോബർ | |
| 9. | മത്തൻ | ജനുവരി - ഫെബ്രുവരി | സെപ്തംബർ - ഒക്ടോബർ | |
| 10. | കുമ്പളം | ജനുവരി - ഫെബ്രുവരി | സെപ്തംബർ - ഒക്ടോബർ | |
| 11. | വഴുതന | മെയ് - ജൂൺ | സെപ്തംബർ - ഒക്ടോബർ | |
| 12. | പച്ചമുളക് | മെയ് - ജൂൺ | സെപ്തംബർ - ഒക്ടോബർ | |
| 13. | തക്കാളി | ഒക്ടോബർ - നവംബർ | | |
| 14. | കാബേജ് | ഓഗസ്റ്റ് - നവംബർ | | |
| 15. | കോളിഫ്ളവർ | ഓഗസ്റ്റ് - നവംബർ | | |
| 16. | കാരറ്റ് | ഓഗസ്റ്റ് - നവംബർ | | |
| 17. | ബീറ്റ്റൂട്ട് | ഓഗസ്റ്റ് - നവംബർ | | |
| 18. | റാഡിഷ് (മുള്ളങ്കി) | ഓഗസ്റ്റ് - നവംബർ | | |
| 19. | ചോളം | ജൂൺ - ജൂലൈ | ജനുവരി - ഫെബ്രുവരി | |
| 20. | പയർ | മെയ് - ജൂൺ | സെപ്തംബർ - ഒക്ടോബർ | |
| 21. | ചേന | ഫെബ്രുവരി - മാർച്ച് | | |
| 22. | ചേമ്പ് | മെയ് - ജൂൺ | | |
| 23. | കാച്ചിൽ | മാർച്ച് - ഏപ്രിൽ | | |
| 24. | ഇഞ്ചി | ഏപ്രിൽ - മെയ് | | |
| 25. | മഞ്ഞൾ | ഏപ്രിൽ - മെയ് | | |
| 26. | മധുരക്കിഴങ്ങ് | ജൂൺ - ജൂലൈ | ഒക്ടോബർ - നവംബർ | |
| 27. | മരച്ചീനി (കപ്പ) | ഏപ്രിൽ - മെയ് | സപ്തംബർ - ഒക്ടോബർ | |
| 28. | നിലക്കടല | മെയ് - ജൂൺ | ജനുവരി - ഫെബ്രുവരി | |

തന്നിരിക്കുന്ന വിവരങ്ങൾ സൂക്ഷ്മമായി പരിശോധിച്ച് പട്ടിക പൂർത്തിയാക്കുക.

| ധാന്യങ്ങൾ<br>ഏതൊക്കെ | കിഴങ്ങുവർഗ്ഗങ്ങൾ<br>ഏതൊക്കെ | പച്ചക്കറികൾ<br>ഏതൊക്കെ |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

| കാലവർഷത്ത്<br>ഏതൊക്കെ കൃഷികൾ | തുലാവർഷത്ത്<br>ഏതൊക്കെ കൃഷികൾ | ശൈത്യകാലത്ത്<br>ഏതൊക്കെ കൃഷികൾ |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

**പ്രവർത്തനം 2** **സ്കോർ 12**

ദൈവത്തിന്റെ സ്വന്തം നാടായ കേരളം സന്ദർശിക്കാൻ എത്തിയ വിദേശികളായ വിനോദ സഞ്ചാരികളെ സഹായിക്കാൻ നിങ്ങളോടാവശ്യപ്പെട്ടാൽ എന്തൊക്കെ വിവരങ്ങളാവും നിങ്ങൾ വിനോദ സഞ്ചാരികൾക്ക് നൽകുക.

പട്ടികയാക്കി വിവരങ്ങൾ തരംതിരിക്കുക.

| വന്യജീവി സങ്കേതങ്ങൾ | ജില്ല | പ്രധാനപ്പെട്ട ജീവികൾ |
|---|---|---|
| പറമ്പിക്കുളം | | |
| ചിന്നാർ | | |
| ചിമ്മിണി | | |
| പീച്ചി - വാഴാനി | | |
| സൈലന്റ് വാലി | | |
| തേക്കടി | | |

നിങ്ങളുടെ സ്വന്തം ജില്ലയെക്കുറിച്ച് എന്തൊക്കെ വിവരങ്ങൾ അവരുമായി പങ്കുവെക്കും?

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

**പ്രവർത്തനം 3** **സ്കോർ 14**

രാമുവും വേണുവും ഒരു ഹോട്ടലിൽ കയറി. രാമു ഒരു ചായ കുടിച്ചു. വേണു ഒരു കാപ്പിയും. കുറച്ചുനേരം ഹോട്ടലിൽ വർത്തമാനമൊക്കെ പറഞ്ഞിരുന്നു. രാമുവും വേണുവും സമയം തള്ളി നീക്കി. ബില്ലു വന്നു. ചായക്ക് 10 രൂപയും കാപ്പിക്ക് 15 രൂപും. ഹോ എന്താവില... രണ്ടുപേരും പിറുപിറുത്തുകൊണ്ട് ഹോട്ടലിന് പുറത്തിറങ്ങി. രാമുവിന് ഒരു സംശയം. "ഞാൻ കുടിച്ച ചായയിൽ നിന്നും ഹോട്ടൽ ഉടമക്ക് എത്ര രൂപ ലാഭം കിട്ടിക്കാണും."? " ശരിയാ ഞാൻ കുടിച്ച കാപ്പിയിൽ നിന്നും എത്രരൂപ ഹോട്ടലുടമക്ക് ലാഭം കിട്ടി ക്കാണും." വേണുവിനും സംശയം. രണ്ടുപേരും ഈ സംശയവുമായി രാജുമാഷിനെ സമീപിച്ചു.

രാമു : "മാഷേ...... ഞങ്ങളെ ഒന്ന് സഹായിക്കാമോ."

രാജുമാഷ് : "എന്താ മക്കളെ സംശയം"?

രാമുവും വേണുവും പ്രശ്നം അവതരിപ്പിച്ചു.

രാജുമാഷ് : ശരി ഞാൻ ചില വിവരങ്ങൾ തരാം.

ഒരു ചായ ഉണ്ടാക്കാൻ 50ml പാൽ വേണം. 25 ഗ്രാം പഞ്ചസാര, 10 ഗ്രാം ചായപ്പൊടി/കാപ്പിപ്പൊടി. 50 പൈസയുടെ ഇന്ധനം. കൂടാതെ വിലവിരപ്പട്ടികയും നൽകുന്നു.

ചായപ്പൊടി = 200 രൂപ/Kg

പാൽ = 40 രൂപ/ലിറ്റർ

പഞ്ചസാര = 50 രൂപ

കാപ്പിപ്പൊടി = 300 രൂപ/കിലോ

എങ്കിൽ ഇതുപയോഗിച്ച് ഒരു ചായക്ക് എത്ര രൂപ ചെലവാകുമെന്ന് കണ്ടുപിടിക്കുക.

| അപഗ്രഥന പട്ടിക | |
|---|---|
| എന്താണ് കണ്ടുപിടിക്കേണ്ടത്? | |
| എന്തെല്ലാം തന്നിട്ടുണ്ട്? | |
| എന്തെല്ലാം കൂടി കിട്ടണം (അളവുകൾ മാറ്റണമോ? കൂടുതൽ വിവരങ്ങൾ തന്നിട്ടുള്ളവയിൽ നിന്നും കണ്ടെത്തണമോ.....? വ്യക്തമാക്കുക | |
| എങ്ങനെ കണ്ടെത്തും? (കണ്ടെത്തുന്ന വഴി വ്യക്തമാക്കുക) | |

**പ്രവർത്തനം 4** **സ്കോർ 12**

**ചുവടെ നൽകിയിട്ടുള്ള കവിത വായിക്കുക.**

# ചേറ്

**ഇ.ജിനൻ**


രണ്ടുറുമ്പുകൾ
തമ്മിൾ
കണ്ടുമുട്ടുന്നു
ചുണ്ടിനറ്റമൊ
ന്നുരസുന്നു
സ്വപ്നങ്ങൾ
പകുക്കുന്നു

ചോദിച്ചു
അതിലൊന്ന്
'ഇന്നലെ-
യെന്തുണ്ടായീ
നിന്റെ
ചേലയിന്നെന്തേ
ഇത്ര
മുഷിയാൻ
ചെളിയാകാൻ

നടന്നു
പാടത്തൊക്കെ
വെയിലിൻ
വിളവൊന്ന്
കൊയ്തെടു-
ക്കുവാൻ പോയി
വിയർത്ത്
കുളിച്ചപ്പോൾ

കാറ്റൊന്ന്
വീശി, പാട-
വരമ്പിൻ
പൊടിപാറ്റൽ
ദേഹത്തു-
മുടുപ്പിലും
പറ്റി ഞാൻ
മുഷിഞ്ഞല്ലോ

ആ മുഷിച്ചിലി-
നെന്തൊരു
സുഖം, ചേറിൻ
കുളിരാ
ണുള്ളിൽ, തളിർ
പൊട്ടുന്നു
ഞാറായ് സ്വപ്നം



**ചിത്രീകരണം: സതീഷ്**

ചെളിയിൽ വീണ്, മുള പൊട്ടാൻ കാത്തിരിക്കുന്ന നെൽവിത്ത്........ അരിമണി പെറുക്കിയെടുത്ത കുഞ്ഞുറുമ്പുകൾ..... അവരുടെ ചേലയാകെ മുഷിഞ്ഞു..... തളിർക്കാൻ പോകുന്ന ഞാറിനെ സ്വപ്നം കണ്ട്...... നല്ല നാളെകളെ സ്വപ്നം കാണുന്ന കുഞ്ഞുറുമ്പുകൾ.... പ്രതീക്ഷയാണ് കവി സമ്മാനിക്കുന്നത്. ഇത്തരത്തിൽ കവിതയെ വ്യാഖ്യാനിക്കുക.

| വരികൾ | എന്റെ വ്യാഖ്യാനം |
|---|---|
| നടന്നു<br>പാടത്തൊക്കെ<br>വെയിലിൻ<br>വിളവൊന്ന്<br>കൊയ്തെടു-<br>ക്കുവാൻ പോയി<br>വിയർത്ത്<br>കുളിച്ചപ്പോൾ | ..........................................................................<br>..........................................................................<br>..........................................................................<br>..........................................................................<br>..........................................................................<br>.......................................................................... |
| രണ്ടുറുമ്പുകൾ<br>തമ്മിൾ<br>കണ്ടുമുട്ടുന്നു<br>ചുണ്ടിനറ്റമൊ<br>ന്നുരസുന്നു<br>സ്വപ്നങ്ങൾ<br>പകുക്കുന്നു | ..........................................................................<br>..........................................................................<br>..........................................................................<br>..........................................................................<br>..........................................................................<br>.......................................................................... |

| | |
|---|---|
| ആ മുഷിച്ചിലി-<br>നെന്തൊരു<br>സുഖം, ചേറിൻ<br>കുളിരാ-<br>ണുള്ളിൽ, തളിർ<br>പൊട്ടുന്നു<br>ഞാറായ് സ്വപ്നം | |

**ചേറ് എന്ന കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.**